**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5008** **01-11-2021 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം വില്ലേജ് ഓഫീസിന് സ്ഥലം അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം വില്ലേജ് ഓഫീസ് രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശം ഉള്ള സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം വില്ലേജ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിന്റെ ഭൂമി ലഭ്യമാണെന്ന് കാണിച്ച് തിരൂർ തഹസീൽദാരിൽ നിന്ന് ജില്ലാ കളക്ടർക്ക് കത്ത് ലഭ്യമായിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ എൻ.ഒ.സി-യോ ജില്ലാ കളക്ടറുടെ ഭൂമികൈമാറ്റ പ്രൊപ്പോസലോ ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷൻ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (ബി) | കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം വില്ലേജ് ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിന്റെ ഭൂമി ലഭ്യമാണെന്ന് കാണിച്ച് തിരൂർ തഹസീൽദാരിൽ നിന്ന് ജില്ലാ കളക്ടർക്ക് കത്ത് ലഭ്യമായിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ എൻ.ഒ.സി-യോ ജില്ലാ കളക്ടറുടെ ഭൂമികൈമാറ്റ പ്രൊപ്പോസലോ ലഭ്യമായിട്ടില്ല. |
| (സി) | റെയിൽവേ വികസനത്തിനായി നിലവിലുള്ള വില്ലേജ് ഓഫീസ് കെട്ടിടം പൊളിച്ച് മാറ്റേണ്ട അവസ്ഥ ഉണ്ടാകുമെന്നതിനാൽ വില്ലേജ് ഓഫീസിനായി രജിസ്ട്രേഷൻ വകുപ്പിന്റെ സ്ഥലം ആവശ്യപ്പെടുന്ന വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ജില്ലാ കളക്ടറുടെ ഭൂമി കൈമാറ്റ പ്രൊപ്പോസലും രജിസ്ട്രേഷൻ വകുപ്പിന്റെ സമ്മതപത്രവും ലഭ്യമായാൽ മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ